<u>**15 -ാം കേരള നിയമസഭ**</u>

<u>**5 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2511**</u> <u>**07-07-2022 - ൽ മറുപടിയ്ക്ക്**</u>

<u>**ഖാദി ബോർഡിന്റെ സ്ഥലത്ത് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടി**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | പുതുക്കാട് മണ്ഡലത്തിൽ ഇരിങ്ങാലക്കുട ബ്ലോക്കിന് കീഴിൽ പറപ്പൂക്കര പഞ്ചായത്തിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിൽ നിലവിൽ ഉപയോഗമില്ലാതെ കിടക്കുന്ന സ്ഥലത്ത് ചെറുകിട വ്യവസായ സംരംഭങ്ങൾ ഉൾപ്പെടെയുള്ള വികസന പ്രവൃത്തികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | പുതുക്കാട് മണ്ഡലത്തിൽ ഇരിഞ്ഞാലക്കുട ബ്ലോക്കിന് കീഴിൽ പറപ്പൂക്കര പഞ്ചായത്തിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിലവിൽ 1200 സ്ക്വയർ ഫീറ്റ് കെട്ടിടം നിലനിൽക്കുന്നു. ടി യൂണിറ്റിൽ നിലവിൽ 12 നൂൽപ്പ് തൊഴിലാളികളും, 7 നെയ്ത്ത് തൊഴിലാളികളും ജോലി ചെയ്തുവരുന്നു. കൂടാതെ യൂണിറ്റിനോട് ചേർന്ന് ഒരു ഗ്രാമ ശിൽപയും പ്രവർത്തിക്കുന്നുണ്ട്. ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള ടി സ്ഥലത്ത് മറ്റ് ചെറുകിട വ്യവസായ സംരംഭങ്ങൾ ഉൾപ്പെടെയുള്ള വികസന പ്രവൃത്തികൾ നടപ്പാക്കുന്നതിന് നിലവിൽ തീരുമാനിച്ചിട്ടില്ല. എന്നാൽ നിലവിലെ യൂണിറ്റിൽ സ്ഥലപരിമിതി മൂലം പുതിയ തറികൾ സ്ഥാപിച്ച് തൊഴിലവസരം സൃഷ്ടിക്കുന്നതിന് സാധിക്കാത്തതിനാൽ ഒഴിഞ്ഞുകിടക്കുന്ന ടി സ്ഥലത്ത് ജില്ലാ പഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെ പുതുതായി ഒരു കെട്ടിടം നിർമ്മിക്കുന്നതിനും അതിൽ പുതുതായി ഒരു നെയ്ത്ത് കേന്ദ്രവും ആധുനിക മാതൃകയിലുള്ള ഒരു ഗ്രാമശിൽപയും ആരംഭിക്കുന്നതിനും ലക്ഷ്യമിടുന്നു. ഈ നെയ്ത്ത് കേന്ദ്രത്തിൽ പറപ്പൂക്കര പഞ്ചായത്തിലെ 20 തൊഴിൽരഹിതരായ സ്ത്രീകൾക്ക് സ്ഥിരം തൊഴിൽ ലഭിക്കുന്നതിനും അതുവഴി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സാധിക്കും. |
| (ബി) | വ്യവസായ വികസന വകുപ്പ് മുഖേന ഇതിനായി സമർപ്പിച്ചിട്ടുള്ള പ്രൊജക്ടുകൾക്ക് അനുമതി നൽകുന്നതിനും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | പുതുക്കാട് മണ്ഡലത്തിൽ ഇരിഞ്ഞാലക്കുട ബ്ലോക്കിന് കീഴിൽ പറപ്പൂക്കര പഞ്ചായത്തിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിലവിൽ 1200 സ്ക്വയർ ഫീറ്റ് കെട്ടിടം നിലനിൽക്കുന്നു. ടി യൂണിറ്റിൽ നിലവിൽ 12 നൂൽപ്പ് തൊഴിലാളികളും, 7 നെയ്ത്ത് തൊഴിലാളികളും ജോലി ചെയ്തുവരുന്നു. കൂടാതെ യൂണിറ്റിനോട് ചേർന്ന് ഒരു ഗ്രാമ ശിൽപയും പ്രവർത്തിക്കുന്നുണ്ട്. ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള ടി സ്ഥലത്ത് മറ്റ് |

| | | | |
|---|---|---|---|
| | | | ചെറുകിട വ്യവസായ സംരംഭങ്ങൾ ഉൾപ്പെടെയുള്ള വികസന പ്രവൃത്തികൾ നടപ്പാക്കുന്നതിന് നിലവിൽ തീരുമാനിച്ചിട്ടില്ല. എന്നാൽ നിലവിലെ യൂണിറ്റിൽ സ്ഥലപരിമിതി മൂലം പുതിയ തറികൾ സ്ഥാപിച്ച് തൊഴിലവസരം സൃഷ്ടിക്കുന്നതിന് സാധിക്കാത്തതിനാൽ ഒഴിഞ്ഞുകിടക്കുന്ന ടി സ്ഥലത്ത് ജില്ലാ പഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെ പുതുതായി ഒരു കെട്ടിടം നിർമ്മിക്കുന്നതിനും അതിൽ പുതുതായി ഒരു നെയ്ത്ത് കേന്ദ്രവും ആധുനിക മാതൃകയിലുള്ള ഒരു ഗ്രാമശിൽപയും ആരംഭിക്കുന്നതിനും ലക്ഷ്യമിടുന്നു. ഈ നെയ്ത്ത് കേന്ദ്രത്തിൽ പറപ്പൂക്കര പഞ്ചായത്തിലെ 20 തൊഴിൽരഹിതരായ സ്ത്രീകൾക്ക് സ്ഥിരം തൊഴിൽ ലഭിക്കുന്നതിനും അതുവഴി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സാധിക്കും. |

സെക്ഷൻ ഓഫീസർ